## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3576 | 11.12.2018-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യസംസ്കരണ സംവിധാനം ഇല്ലാത്ത വ്യാപാര സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) സ്വന്തമായി മാലിന്യസംസ്കരണ സംവിധാനം ഒരുക്കാത്ത വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, കേരള പഞ്ചായത്ത് രാജ് ആക്റ്റ് എന്നിവ അനുസരിച്ചുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉടനടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | (ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദേശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു |
| (സി) സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

16310
26/7/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ 2511 /2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 22.07.2017

പരാമർശം - (1) 15.12.2016 -ലെ 82200/ഡി.സി.1/14/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

**ഉത്തരവ്**

അടുത്തകാലത്തുണ്ടായിട്ടുള്ള വിവിധയിനം പകർച്ച പനികൾ കേരളസമൂഹത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത രീതിയിൽ വളരെയധികം ആളുകളെ ബാധിച്ചിരിക്കുന്നതിന്റെയും ദിനം പ്രതി പനി ബാധിച്ച് ആശുപത്രിയിൽ എത്തുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതിന്റെയും പ്രധാന കാരണങ്ങളിൽ ഒന്നായി വിലയിരുത്തപ്പെടുന്നത് സംസ്കരിക്കപ്പെടാത്ത ജൈവ-അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയപ്പെട്ട് തെരുവുകളിലും പൊതുസ്ഥലങ്ങളിലും കുന്നുകൂടി കിടന്ന് അഴുകുന്ന സാഹചര്യമാണ്. വിവിധ പകർച്ചവ്യാധികൾ ഉണ്ടാകുന്നതിന്റെയും, തെരുവ് നായ്ക്കളുടെ അഭൂതപൂർവ്വമായ വർദ്ധനവിനു കാരണമാകുന്നതും ഈ രീതിയിലുള്ള മാലിന്യ കൂമ്പാരങ്ങളും അതിൽ തന്നെ മാംസാഹാരങ്ങൾ ഉൾപ്പടെയുള്ള ഭക്ഷ്യ വസ്തുക്കൾ തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും കുന്നുകൂടി കിടക്കുന്നത് മൂലമാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലേക്കും പൊതുസ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(2) ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ചും, പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ടും പരാമർശം(1) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിക്കുന്ന മാലിന്യപ്രശ്നങ്ങളും, സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനു 2017 ജൂലൈ നാലിന് ചേർന്ന പതിനാലാം കേരള നിയമസഭയുടെ തദ്ദേശസ്വയംഭരണവും, ഗ്രാമവികസനവും, ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പ്രത്യേക യോഗത്തിൽ വിശദമായി ചർച്ചചെയ്ത് തീരുമാനിച്ചതനുസരിച്ച് ഉറവിട മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ട

നടപടികൾ സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു

(i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, കല്യാണമണ്ഡപങ്ങൾ/ വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തീയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി, പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് . അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ്.

(ii) മേൽപറഞ്ഞ ഇടങ്ങളിൽ രൂപപ്പെടുന്ന അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേകം ഫീസ് ഒടുക്കി, സംസ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

(iii) മേൽ നിർദ്ദേശിച്ച പ്രകാരം ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിച്ച് പ്രവർത്തന ക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിനു കേരള മുനിസിപ്പാലിറ്റി/ പഞ്ചായത്ത് രാജ് ആക്റ്റ് ആക്റ്റ് 1994 അനുസരിച്ചുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉടനടി സ്വീകരിക്കേണ്ടതാണ്.

(iv) പുതുതായി ഡി&ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽ പറഞ്ഞരീതിയിലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിനു അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ

(v) നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ ഖണ്ഡിക (i)ൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും, കൃത്യമായ പരിശോധന നടത്തി റിസൾട്ട് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(vi) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്നും അവയിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും, ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

(vii) നഗരസഭകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ നിന്നും വഴിയോരക്കടകളിൽ നിന്നും ജൈവമാലിന്യങ്ങളും, അജൈവ മാലിന്യങ്ങളും

പൊതുനിരത്തുകളിലും മറ്റും വലിച്ചെറിയുന്നത് കർശനമായി ഒഴിവാക്കുന്നതിന് തട്ടുകടകൾ പ്രവർത്തിപ്പിക്കുന്നവർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതും, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന തട്ടുകടകൾക്കെതിരെ നിലവിലുള്ള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 371, 372 അനുസരിച്ചുള്ള നടപടികൾ നഗരസഭ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്.

(viii) കേരള മുനിസിപ്പാലിറ്റി ആക്ട് 1994-ലെ ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ചുള്ള സെക്ഷൻ 334, 334(A), 334(B), പഞ്ചായത്ത് രാജ് ആക്ട് 219 എ മുതൽ എക്സ് വരെ വകുപ്പുകൾ കേന്ദ്രസർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ ചട്ടം 4 എന്നിവ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നഗരകാര്യ ഡയറക്ടറേറ്റിലേക്കും/ പഞ്ചായത്ത് ഡയറക്ടറേറ്റിലേക്കും, ഗവൺമെന്റിലേക്കും എല്ലാ തിങ്കളാഴ്ചകളിലും ഇ-മെയിൽ വഴി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**ഗവൺമെന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വ്യാപകമായ പ്രസിദ്ധീകരണത്തിനു വേണ്ടി)

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ